# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3181** **20.12.2012-ൽ മറുപടിക്ക്**

## കോട്ടക്കീൽക്കടവ് - പട്ടുവം, മാട്ടൂൽ, മടക്കര പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കോട്ടക്കീൽക്കടവ് - പട്ടുവംപാലം നിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) കോട്ടക്കീൽക്കടവ് - പട്ടുവം പാലം നിർമ്മാണത്തിനുള്ള Detailed Design Drawing തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പാലത്തിന്റെ വിശദമായ ഡിസൈൻ ലഭ്യമായിട്ടുണ്ടോ; പാലത്തിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും ; | (ബി) വിശദമായ ഡിസൈൻ ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ - മടക്കര പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; | (സി) മാട്ടൂൽ - മടക്കര പാലത്തിന്റെ ആകെയുള്ള 14 സ്പാനിൽ 9 സ്പാൻ പൂർത്തീകരിച്ചിട്ടുണ്ട്. 10-ാമത്തെ സ്പാനിന്റേയും ഒരു പിയർകാപ്പിന്റെയും സ്റ്റീൽ പ്രവൃത്തി പൂർത്തിയായി അപ്രോച്ച് റോഡ് പണി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. |
| (ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതിനാൽ പാലം നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) 07.11.2012-ന് ശേഷം പണി നടക്കുന്നില്ല. പണി പുനരാരംഭിക്കുന്നതിന് കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ ? | (ഇ) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 31.03.2013 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**